# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4109 12.12.2018-ൽ മറുപടിക്ക്

## പുരാരേഖാ പരിശീലന വിദ്യാലയം

**ചോദ്യം**
ശ്രീ.സി. കെ. ശശീന്ദ്രൻ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആർക്കൈവൽ പഠനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പുരാരേഖാ പരിശീലന വിദ്യാലയം ആരംഭിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ആർക്കൈവൽ പഠനവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന്, പുരാരേഖാ പരിശീലന വിദ്യാലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ സർക്കാർ വകുപ്പുകളിലെ റിക്കാർഡ് മുറികളിൽ ജോലി ചെയ്യുന്നതും റിക്കാർഡുകളുടെ സൂക്ഷിപ്പിന്റെ ചുമതലയുള്ളതുമായ ജീവനക്കാർക്ക് രേഖകളുടെ ചിട്ടയായ പരിപാലനം, ഭരണനിർവ്വഹണം എന്നിവ ഉറപ്പു വരുത്തുന്നതിനും ശാശ്വതമൂല്യമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് വകുപ്പ് വർഷം തോറും റിക്കാർഡ് മാനേജ്മെൻറ്, ശാസ്ത്രീയ സംരക്ഷണം എന്നിവയിൽ വിവിധങ്ങളായ പരിശീലന പരിപാടി സംഘടിപ്പിച്ചു വരുന്നു. വകുപ്പിലെ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെയും ഈ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവരുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം പ്രസ്തുത വിദ്യാലയം ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | | |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത വിദ്യാലയം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ